I/87132/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി, ഐ.എ.എസ്.)

വിഷയം:- വനിതാ ശിശുവികസന വകുപ്പ് - ജീവനക്കാര്യം - ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥലംമാറ്റം/ ഉദ്യോഗക്കയറ്റം നൽകി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സ.ഉ.(പി) നം. 23/2010/സാ.നീ.വ. തീയതി: 30/03/2010

2) വനിതാ ശിശുവികസന ഡയറക്ടറുടെ 11/05/2022 ലെ WCD/E8/21579/2021(1) നമ്പർ വിജ്ഞാപനം.

3) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 08/07/2022 ലെ OA(EKM)-1003/2022 നമ്പർ വിധിന്യായം

4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13/02/2023 ലെ OA-146/2023 നമ്പർ വിധിന്യായം

5) വിവിധ ശിശുവികസന പദ്ധതി ഓഫീസർമാരിൽ നിന്നും ലഭിച്ച സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ

**ഉത്തരവ് നം. DWCD/2545/2022-E1 തീയതി: 18-03-2023**

വനിതാ ശിശുവികസന വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് 1 : 4 എന്ന അനുപാതത്തിൽ നേരിട്ടുള്ള നിയമനവും സ്ഥാനക്കയറ്റം മുഖേനയുള്ള നിയമനവുമാണ് പരാമർശം (1) പ്രകാരം വകുപ്പിൽ നിലവിലുള്ള വിശേഷാൽ ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത്. വകുപ്പിലെ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ 2022 വർഷം ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി പരാമർശം (2) പ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് നിലവിലുണ്ട്. ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം മുഖേന നിയമനം നടത്തേണ്ട 10 ഒഴിവ് നിലവിലുണ്ട്.

ശ്രീമതി കെ എൻ രമയും കൂട്ടരും OA(EKM)-1003/2022 ആയി ഫയൽ ചെയ്തിരുന്ന ഹർജ്ജിയിൽ, ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി തയ്യാറാക്കിയ നിലവിലെ സെലക്ട് ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗക്കയറ്റം ടി ഹർജ്ജിയിലെ അന്തിമ ഉത്തരവിന് വിധേയമായിരിക്കണമെന്ന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (3) പ്രകാരം ഇടക്കാല വിധിന്യായം പുറപ്പെടുവിച്ചിരുന്നു. തുടർന്ന്,സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി വിജയലക്ഷ്മി പി യും കൂട്ടരും OA-146/2023 ആയി ഫയൽ ചെയ്തിട്ടുള്ള ഹർജ്ജിയിൽ പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകളിലേയ്ക്ക് ആറാഴ്ചക്കകം ഉദ്യോഗക്കയറ്റം നൽകുന്നതിന് നിർദ്ദേശിച്ച് കൊണ്ട് പരാമർശം (4) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള 2022 ലെ സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ 41 വരെയുള്ളവർക്ക് ഇതിനകം ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിക്കാനുള്ള ചുവടെ പേര് ചേർക്കുന്ന ICDS സൂപ്പർവൈസർമാർക്ക് *(ക്രമനമ്പർ 42 മുതൽ 50 വരെയുള്ള)* ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് ആവശ്യമായ ഒഴിവ് നിലവിലുണ്ട്.

I/87132/2023

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | 2022 ലെ സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| 1. | ശ്രീമതി ഓമന സി വി | 42 |
| 2. | ശ്രീമതി വിജയലക്ഷ്മി പി | 43 |
| 3. | ശ്രീമതി ഖദീജാമ്മ എം എസ് | 44 |
| 4. | ശ്രീമതി ജ്യോതിലക്ഷ്മി പി | 45 |
| 5. | ശ്രീമതി ബിന്ദു റ്റി | 46 |
| 6. | ശ്രീമതി നൂർജഹാൻ പി | 47 |
| 7. | ശ്രീമതി ശ്രീജ വി | 48 |
| 8. | ശ്രീമതി ഷൈജ പി | 49 |
| 9. | ശ്രീമതി അജിത ജി | 50 |

ഈ സാഹചര്യത്തിൽ, ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം (5) പ്രകാരം ലഭ്യമായിട്ടുള്ള അപേക്ഷകൾ പരിഗണിച്ച് കൊണ്ട് ചുവടെ പറയുന്ന പ്രകാരം സ്ഥലംമാറ്റം അനുവദിച്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള OA(EKM)-1003/2022, OA-146/2023 എന്നീ ഹർജ്ജികളിലെ അന്തിമ വിധിന്യായത്തിന് വിധേയമായിരിക്കും നിയമനം എന്ന വ്യവസ്ഥ ഉൾപ്പെടുത്തി മേൽ ഖണ്ഡികയിൽ സൂചിപ്പിക്കുന്ന ICDS സൂപ്പർവൈസർമാർക്ക് KS & SSR Rule 28(A)(1) പ്രകാരം 50200 - 105300 രൂപ ശമ്പള നിരക്കിൽ ശിശുവികസന പദ്ധതി ഓഫീസർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിന് നേരെ ചേർത്തിട്ടുള്ള കാര്യാലയത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>സ്ഥലംമാറ്റം</u>

| ക്രമ നം. | പേരും നിലവിലെ തസ്തികയും കാര്യാലയവും | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി ശ്രീജ പി എം<br>(PEN : 213185)<br>ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ്<br>തളിപ്പറമ്പ് അഡീഷണൽ-2 | ശിശുവികസന പദ്ധതി ഓഫീസർ<br>ഒറ്റപ്പാലം അഡീഷണൽ | അപേക്ഷ |

I/87132/2023

<u>ഉദ്യോഗക്കയറ്റം</u>

| ക്രമ നമ്പർ | പേരും നിലവിലെ തസ്തികയും കാര്യാലയവും | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തികയും കാര്യാലയവും | അഭിപ്രായം |
|---|---|---|---|
| 1. | ശ്രീമതി ഓമന സി വി<br>(PEN : 427210)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>അന്തിക്കാട് | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്,<br>മണ്ണാർക്കാട് അഡിഷണൽ | ഉദ്യോഗക്കയറ്റം |
| 2. | ശ്രീമതി വിജയലക്ഷ്മി പി<br>(PEN : 437840)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>മണ്ണാർക്കാട് അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്,<br>ആലത്തൂർ അഡീഷണൽ | ഉദ്യോഗക്കയറ്റം |
| 3. | ശ്രീമതി ഖദീജാമ്മ എം എസ്<br>(PEN : 450413)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>ഒറ്റപ്പാലം | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്,<br>താനൂർ അഡീഷണൽ | ഉദ്യോഗക്കയറ്റം |
| 4. | ശ്രീമതി ജ്യോതിലക്ഷ്മി പി<br>(PEN : 421729)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>കൊടുവള്ളി | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്,<br>തളിപ്പറമ്പ് | ഉദ്യോഗക്കയറ്റം |
| 5. | ശ്രീമതി ബിന്ദു റ്റി<br>(PEN : 450447)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്,<br>നെന്മാറ അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്,<br>പൊന്നാനി അഡീഷണൽ | ഉദ്യോഗക്കയറ്റം |
| 6. | ശ്രീമതി നൂർജഹാൻ പി<br>(PEN : 212660)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>വടകര | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്,<br>തളിപ്പറമ്പ് അഡീഷണൽ-2 | ഉദ്യോഗക്കയറ്റം |
| 7. | ശ്രീമതി ശ്രീജ വി<br>(PEN : 213953)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്റ്റ് ഓഫീസ്<br>കാറഡുക്ക | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്റ്റ് ഓഫീസ്,<br>കാഞ്ഞങ്ങാട് അഡീഷണൽ | ഉദ്യോഗക്കയറ്റം |

| | | | |
|---|---|---|---|
| 8. | ശ്രീമതി ഷൈജ പി<br>(PEN : 212673)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്<br>കൊട്ടവള്ളി | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ്,<br>പനമരം | ഉദ്യോഗക്കയറ്റം |
| 9. | ശ്രീമതി അജിത ജി<br>(PEN : 212214)<br>ICDS സൂപ്പർവൈസർ<br>ICDS പ്രോജക്ട് ഓഫീസ്,<br>മുതുകളം അഡീഷണൽ | ശിശുവികസന പദ്ധതി ഓഫീസർ<br>ICDS പ്രോജക്ട് ഓഫീസ്,<br>കട്ടപ്പന | ഉദ്യോഗക്കയറ്റം |

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA-146/2023 നമ്പർ ഹർജ്ജിയിൽ 13/02/2023 ന് പുറപ്പെടുവിച്ച വിധിന്യായം ഇതിനാൽ നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശിശുവികസന പദ്ധതി ഓഫീസർ, ICDS സൂപ്പർവൈസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പദ്ധതി പ്രവർത്തനങ്ങളുടെ നിർവ്വഹണ ഉദ്യോഗസ്ഥരാണ്. ഈ സാഹചര്യത്തിൽ. ജീവനക്കാരെ മാറ്റി നിയമിക്കുന്നത് നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തെ ബാധിക്കാതിരിക്കാൻ സ്ഥലംമാറ്റം / ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നടപ്പ് സാമ്പത്തിക വർഷാവസാനം വരെ നിലവിലെ കാര്യാലയത്തിൽ തുടരാവുന്നതും, എന്നാൽ പ്രസ്തുത ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ 05/04/2023 ന് മുമ്പായി വിടുതൽ ചെയ്യേണ്ടതുമാണ്.

വിടുതൽ ചെയ്യുന്ന ജീവനക്കാർ യഥാസമയം ഉദ്യോഗക്കയറ്റം/ സ്ഥലംമാറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കേണ്ടതും, വിടുതൽ/ പ്രവേശനം സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ തപാൽ മുഖേന ലഭ്യമാക്കേണ്ടതുമാണ്.

പ്രിയങ്ക ജി, ഐ.എ.എസ്.
**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ശിശുവികസന പദ്ധതി ഓഫീസർമാർക്ക്
ബന്ധപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക്
ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്

പകർപ്പ് :

1) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
2) എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
3) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4) ഈ കാര്യാലയത്തിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും
5) സൂപ്രണ്ട്, ഐ.റ്റി. സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
6) ഇ2 മുതൽ ഇ9 വരെയുള്ള സീറ്റുകളിലേയ്ക്ക്
7) സ്റ്റോക്ക് ഫയൽ/ സ്പെയർ

Signed by Priyanka G
Date: 18-03-2023 19:06:25